**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1153** **30-06-2022 - ൽ മറുപടിയ്ക്ക്**

**കലാകാരന്മാർക്ക് പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കലാകാരന്മാരുടെ നൈസർഗിക വാസനയും നൈപുണ്യവും പ്രോത്സാഹിപ്പിക്കുന്നതിനും അന്തർദേശീയ കലാവേദികളുമായി ബന്ധിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | കേരള സംസ്കാരത്തിന്റെ വ്യാപനം പദ്ധതിയിൽ ദേശീയ അന്തർദേശീയ സാംസ്കാരിക വിനിമയ പരിപാടികൾ, ശില്പശാലകൾ, സെമിനാറുകൾ, കേരള കൾച്ചറൽ കോൺഗ്രസ് എന്നീ പരിപാടികൾ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 110 ലക്ഷം രൂപ ആകെ വകയിരുത്തിയിട്ടുണ്ട്. കലാകാരന്മാരുടെ നൈസർഗ്ഗിക വാസന പ്രോത്സാഹിപ്പി ക്കുന്നതിനായി വിവിധ അക്കാദമികളിൽ നിന്നും പഠിച്ചിറങ്ങുന്ന ആയിരം യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി പ്രകാരം പ്രതിമാസം 17,500/- രൂപാ വീതം ഫെല്ലോഷിപ്പ് അനുവദിച്ച് വരുന്നുണ്ട്. കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം വികസിപ്പിച്ച് അവർക്ക് വിപണി സാധ്യത കണ്ടെത്തുന്നതിനായി സ്വയം സഹായ സംഘം രൂപീകരിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള കലാകാരന്മാരേയും കരകൗശല വിദഗ്ധരേയും സഹായിക്കുന്നതിനുള്ള റൂറൽ ആർട്ട് ഹബ്ബ് പദ്ധതിയും വകുപ്പ് വഴി നടപ്പിലാക്കി വരുന്നുണ്ട്.<br><br>സൗദി അറേബ്യയിലെ റിയാദിൽ 2019 നവംബർ മാസം 7, 8 തീയതികളിൽ സൗദി സർക്കാർ സംഘടിപ്പിച്ച അഹ് ലൻ കേരള എക്സ്പോ 2019 ന്റെ ഭാഗമായി സാംസ്കാരിക വകുപ്പ് സാംസ്കാരിക വിനിമയ പരിപാടികൾ സംഘടിപ്പിച്ചിരുന്നു.<br><br>അന്യം നിന്നു പോകുന്ന നാടൻകലകൾ പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ നാടൻ കലകളിൽ പരിശീലനം നേടുന്ന 10 വയസ്സ് മുതൽ 17 വയസ്സ് വരെയുള്ള കുട്ടികൾക്ക് ഫോക് ലോർ അക്കാദമി സ്റ്റൈപ്പന്റ് നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | വിദേശ രാജ്യങ്ങളിലുള്ള മലയാളികളുമായും അവിടങ്ങളിൽ പ്രവർത്തിക്കുന്ന കലാകൂട്ടായ്മകളു മായും ബന്ധപ്പെടുന്നതിനും അവർക്ക് മാപ്പിളകലാ അക്കാദമിയുമായി ബന്ധപ്പെടുന്നതിനും അക്കാദമിയുടെ കീഴിൽ ഒരു ഗ്ലോബൽ സമിതി രൂപീകരിച്ചിട്ടുണ്ട്.<br><br>അന്തർദേശീയ ചലച്ചിത്ര മേളകളുമായി മലയാളത്തിലെ ചലച്ചിത്രകാരന്മാരെ ബന്ധിപ്പിക്കുന്നതിന് 24-ാമത് IFFK യോടനുബന്ധിച്ച് ഫിലിം ഡിസ്പ്ലേ ആന്റ് നെറ്റ് വർക്കിംഗ് എന്ന പരിപാടി ചലച്ചിത്ര അക്കാദമി സംഘടിപ്പിച്ചിരുന്നു.<br><br>ചിത്രകലയിൽ അഭിരുചിയുള്ളവരെ കണ്ടെത്തി കേരളത്തിന്റെ തനത് കലാരൂപമായ ചുമർചിത്രകലയിൽ വാസ്തുവിദ്യാ ഗുരുകുലം വിദഗ്ധ പരിശീലനം നൽകിവരുന്നു.<br><br>വില്യം ഷേക്സ്പിയറിന്റെ കിംഗ് ലിയർ കഥകളി അനുരൂപീകരണം എന്ന പരിപാടിയിലൂടെ ഫ്രാൻസിലെയും കേരളത്തിലെ കഥകളി പ്രതിഭകളെയും ഒന്നിപ്പിച്ച് ഇന്ത്യയിലെ 5 മഹാനഗരങ്ങളിലും ഫ്രാൻസിലും ഭാരത് ഭവന്റെ നേതൃത്വത്തിൽ പരിപാടികൾ നടത്തിയിട്ടുണ്ട്. ഇന്ത്യൻ ഗ്രാമോത്സവങ്ങളിലൂടെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ തനിമയാർന്ന കലാരൂപങ്ങൾ കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലും കേരളീയ കലാരൂപങ്ങൾ സൗദി അറേബ്യയിലും, ഹൈദ്രാബാദ്, ഡൽഹി, ഹിമാചൽ പ്രദേശ്, ചെന്നൈ, ഒറീസ്സ , തെലുങ്കാന, ബാംഗ്ലൂർ നഗരങ്ങളിലും ലോക് രംഗ് ഫെസ്റ്റ് എന്ന പേരിൽ 2021 ഡിസംബറിൽ നടന്ന രാജ്യത്തെ ഏറ്റവും ശ്രദ്ധേയമായ ഫോക് ഫെസ്റ്റ് 5 ദിനങ്ങളിൽ രാജസ്ഥാനിൽ വച്ചും ഭാരത് ഭവന്റെ നേതൃത്വത്തിൽ അരങ്ങേറുകയുണ്ടായി. |

സെക്ഷൻ ഓഫീസർ